## ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ ; ആർ.രാജഗോപാൽ)

വിഷയം:- ഗ്രാമവികസന വകുപ്പ്- ജീവനക്കാര്യം- ശ്രീ.കുമാരൻ ചെമ്പോട്ടി, സീനിയർ ക്ലർക്ക് - സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു

പരാമർശം:- 1. ഉത്തരവ് നം. സി3.24521/2006/സി.ആർ.ഡി തീയതി 19.04.2005
2. ശ്രീ.കുമാരൻ ചെമ്പോട്ടി, സീനിയർ ക്ലാർക്കിന്റെ അപേക്ഷ.
3. ഈ ഓഫീസിലെ 26.09.2013-ലെ ഇതേ നമ്പർ കത്ത്.

| ഉത്തരവ് നം.3469/എസ്റ്റാ.സി.3/2010/സിആർഡി. തീയതി.18.10.2013 |
|---|

പരാമർശം (1)-ലെ ഉത്തരവുപ്രകാരം പ്രസിദ്ധീകരിച്ച സീനിയർ ക്ലർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.കുമാരൻചെമ്പോട്ടി, സീനിയർ ക്ലർക്കിന്റെ പേര് ഉൾപ്പെട്ടിട്ടില്ലെന്നും, ടിയാന്റെ പേര് അർഹമായ സ്ഥാനത്ത് ഉൾപ്പെടുത്തണമെന്നും സൂചന (2) പ്രകാരം അപേക്ഷിച്ചിരുന്നു. അപേക്ഷ പരിശോധിച്ചതിൽ ടിയാന്റെ പേര് 306, 307 എന്നീ ക്രമനമ്പരുകൾക്ക് ഇടയിൽ '306എ' എന്ന് ചേർക്കാൻ തീരുമാനിക്കുകയും ആയതു സംബന്ധിച്ച് ആക്ഷേപങ്ങളുണ്ടെങ്കിൽ സമർപ്പിക്കുവാൻ സൂചന (3) പ്രകാരം അറിയിക്കുകയുമുണ്ടായി. ഇത് സംബന്ധിച്ച് ആക്ഷേപങ്ങളൊന്നും നിശ്ചിത കാലയളവിനുള്ളിൽ ലഭിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ശ്രീ.കുമാരൻ, ചെമ്പോട്ടി, സീനിയർ ക്ലർക്കിന്റെ പേര് പരാമർശം (1)-ലെ ഉത്തരവുപ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ 306,307 എന്നീ ക്രമനമ്പരുകൾക്കിടയിൽ 306എ ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

ഒപ്പ്/-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:- 1. ശ്രീ.കുമാരൻ ചെമ്പോട്ടി
2. ഗ്രാമവികസന കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റ്
3. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

ജെ.ജെ